# 89/25-M

ചോദ്യ പുസ്തക ക്രമനമ്പർ

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 90 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഏതു വിഭാഗവുമായാണ് മാർത്താണ്ഡവർമ്മ 1741-ൽ കുളച്ചൽ യുദ്ധത്തിൽ ഏർപ്പെട്ടത് ?
   A) ബ്രിട്ടീഷുകാർ
   B) ഫ്രഞ്ചുകാർ
   C) ഡച്ചുകാർ
   D) പോർച്ചുഗീസുകാർ

2. ചൈനയിലെ ലോങ് മാർച്ച് താഴെപറയുന്നവരിൽ ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   A) സൺയാത്സൺ
   B) ചിയാങ് കൈഷേക്ക്
   C) യുയാൻ ഷിക്കായ്
   D) മാവോസെതുങ്

3. വ്യാവസായിക വിപ്ലവത്തിനു നേതൃത്വം നൽകിയ യൂറോപ്യൻ രാജ്യം ഏതാണ് ?
   A) ഇറ്റലി
   B) ബ്രിട്ടൻ
   C) ജർമ്മനി
   D) ഫ്രാൻസ്

4. ഗാന്ധിജി പങ്കെടുത്ത വട്ടമേശ സമ്മേളനം ഏതായിരുന്നു ?
   A) ഒന്നാം വട്ടമേശ സമ്മേളനം
   B) രണ്ടാം വട്ടമേശ സമ്മേളനം
   C) മൂന്നാം വട്ടമേശ സമ്മേളനം
   D) ഒന്നാം വട്ടമേശ സമ്മേളനവും മൂന്നാം വട്ടമേശ സമ്മേളനവും

5. മാറക്കാന ഫുട്ട്ബോൾ സ്റ്റേഡിയം ഏതു രാജ്യത്താണ് ?
   A) ഫ്രാൻസ്
   B) അർജന്റീന
   C) ബ്രസീൽ
   D) ഇംഗ്ലണ്ട്

6. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
   i. ശിലകളെക്കുറിച്ചുള്ള പഠനം പെഡോളജി എന്നറിയപ്പെടുന്നു.
   ii. സമുദ്രങ്ങളുടെ അടിത്തട്ടിലുള്ള ഭൂവൽക്കത്തിന് വൻകരകളിലെ ഭൂവൽക്കത്തിനെക്കാൾ കട്ടി കുറവാണ്.
   iii. ട്രോപ്പോസ്ഫിയറിൽ ഉയരം കൂടും തോറും ഊഷ്മാവ് കുറയുന്നു.
   iv. സൗരവികിരണങ്ങൾക്ക് ഭൗമവികിരണങ്ങളെക്കാൾ തരംഗദൈർഘ്യം കുറവാണ്.
   A) i, ii, iii എന്നിവ
   B) i, ii, iv എന്നിവ
   C) ii, iii, iv എന്നിവ
   D) i, iii, iv എന്നിവ

7. താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവനകൾ ഏതെല്ലാം ?
   i. മാർബിൾ ഒരു തരം ആഗ്നേയ ശിലയാണ്.
   ii. ഇന്ത്യയിൽ ടോപ്പോഗ്രഫിക് മാപ്പുകൾ തയ്യാറാക്കുന്നത് അതാത് സംസ്ഥാനങ്ങളാണ്.
   iii. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാപ്പി ഉല്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്.
   iv. കൊൽക്കത്ത നഗരം ഹൂഗ്ലി നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു.
   A) i, ii, iii, iv എന്നിവ
   B) i, iii, iv എന്നിവ
   C) ii, iii, iv എന്നിവ
   D) i, ii, iii എന്നിവ

8. കാറ്റിന്റെ ഗതിയെയോ വേഗതയെയോ സ്വാധീനിക്കാത്ത ഘടകം ഏത് ?
   A) കോറിയോലിസ് ബലം
   B) വേലീ ബലം
   C) ഘർഷണ ബലം
   D) മർദ്ദവ്യത്യാസം കാരണം ഉണ്ടാകുന്ന ബലം

9. താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവനകൾ ഏതെല്ലാം ?
   i. റായ്പൂർ ജാർഖണ്ഡിന്റെ തലസ്ഥാനമാണ്.
   ii. പാമ്പാർ കിഴക്കോട്ട് ഒഴുകുന്ന നദിയാണ്.
   iii. ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ആനമുടിയാണ്.
   iv. കേരളത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 37% പ്രദേശം വനങ്ങളാണ്.
   A) i, iii എന്നിവ B) i, ii എന്നിവ C) ii, iv എന്നിവ D) i, iv എന്നിവ

10. സ്ലിം മിഷൻ ഏതു രാജ്യത്തിന്റെ ചാന്ദ്രദൗത്യമാണ് ?
   A) ചൈന
   B) ജപ്പാൻ
   C) റഷ്യ
   D) യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക

11. ഒന്നാം പഞ്ചവൽസര പദ്ധതി രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ച മലയാളി
   A) കെ. എൻ. രാജ് B) അമർത്യ സെൻ
   C) വി. കെ. ആർ. വി. റാവു D) എം. കുഞ്ഞാമൻ

12. കാർഷിക മേഖലാ വികസനം, ചെറുകിട-കുടിൽ വ്യവസായങ്ങളുടെ വികസനം, കൈത്തൊഴിൽ വികസനം തുടങ്ങിയവ ലക്ഷ്യമാക്കി 1982-ൽ നിലവിൽ വന്ന സ്ഥാപനം
   A) ഗ്രാമീണ ബാങ്ക് B) സ്വയം സഹായ സംഘം
   C) NABARD D) കുടുംബശ്രീ

13. 'ദാരിദ്ര്യ നിർമ്മാർജ്ജനം', 'ജോലിക്ക് കൂലി ഭക്ഷണം', 'നീതി' എന്നിവ മുഖ്യ ലക്ഷ്യങ്ങളാക്കിയ പഞ്ചവൽസര പദ്ധതി
   A) ഒന്ന് B) മൂന്ന്
   C) അഞ്ച് D) ഇതൊന്നുമല്ല

14. നീതി ആയോഗിന്റെ ഇപ്പോഴത്തെ ഉപാദ്ധ്യക്ഷൻ
   A) സുമൻ ബെറി B) നരേന്ദ്രമോദി
   C) അരവിന്ദ് പനഗരിയ D) ഇവരൊന്നുമല്ല

15. ഹരിത വിപ്ലവത്തിന്റെ നേട്ടങ്ങൾ
   A) ഭക്ഷ്യക്ഷാമം ഇല്ലാതായി, ഉല്പാദനം വർധിച്ചു
   B) സാങ്കേതിക വിദ്യകൾ ഉപയോഗിച്ചതിലൂടെ ഉല്പാദനം വർധിച്ചു
   C) ധാന്യശേഖരം വർധിച്ചു, വിദേശ ആശ്രയത്വം ഇല്ലാതായി
   D) ഇതെല്ലാം

16. ഇന്ത്യൻ ഭരണഘടന അമേരിക്കൻ ഭരണഘടനയിൽ നിന്നും കടമെടുത്തത് താഴെകൊടുത്തവയിൽ ഏതൊക്കെയാണ് ?
   i. ഭരണഘടന പുനരവലോകനം
   ii. സ്പീക്കർ പദവിയും അധികാരങ്ങളും
   iii. സ്വതന്ത്ര നീതിന്യായ സംവിധാനം
   iv. നിർദ്ദേശക തത്വങ്ങൾ
   A) i, iv   B) i, iii   C) ii, iii, iv   D) ii, iv

17. ഹൈക്കോടതികളുടെ റിട്ട് അധികാരം
   A) അനുച്ഛേദം – 226
   B) അനുച്ഛേദം – 32
   C) അനുച്ഛേദം – 250
   D) അനുച്ഛേദം – 314

18. മൗലിക കടമകൾ ഭരണഘടനയിൽ ചേർക്കപ്പെട്ട ഭേദഗതി
   A) 73-ാം ഭേദഗതി
   B) 44-ാം ഭേദഗതി
   C) 42-ാം ഭേദഗതി
   D) 74-ാം ഭേദഗതി

19. ആനുപാതിക പ്രാതിനിധ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്
   a. ജയിക്കാൻ ഭൂരിപക്ഷം വോട്ടു വേണം
   b. വോട്ട് സ്ഥാനാർത്ഥിക്ക്
   c. ഒരു സമയം ഒരു സ്ഥാനാർത്ഥിക്ക് വിജയം
   d. വോട്ട് പാർട്ടിക്ക്
   A) a യും c യും
   B) b യും d യും
   C) a യും d യും
   D) ഇവയെല്ലാം

20. കൺകറന്റ് ലിസ്റ്റിൽ പെടാത്തത് താഴെ പറയുന്നവയിൽ ഏതൊക്കെയാണ് ?
   i. തൊഴിൽ സംഘടനകൾ
   ii. പൊതുജനാരോഗ്യം
   iii. മൃഗസംരക്ഷണം
   iv. മായം ചേർക്കൽ
   A) i, iv   B) ii, iii   C) ii, iv   D) i, ii

21. നിയമനിർമ്മാണ നടപടിക്രമങ്ങളിൽ കമ്മിറ്റിഘട്ടത്തിൽപ്പെട്ടത് ഏതാണ് ?
   A) ബില്ലിന്റെ അടിസ്ഥാന തത്വം
   B) വിശദമായി പരിശോധിക്കുന്നു
   C) ആഴത്തിൽ ചർച്ച
   D) ബില്ലിൽ വലിയമാറ്റം

22. 2024 റിപ്പബ്ലിക്ക് ദിന പരേഡിന്റെ തീം എന്താണ് ?
   A) സ്ത്രീശാക്തീകരണം
   B) ദാരിദ്ര്യ നിർമ്മാർജ്ജനം
   C) ഇന്ത്യ ജനാധിപത്യത്തിന്റെ മാതാവ്
   D) സാങ്കേതികവിദ്യയും നവീകരണവും

23. 1975-ൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ മുഖ്യമന്ത്രി താഴെ പറയുന്നവയിൽ ആരായിരുന്നു ?
   A) കെ. കരുണാകരൻ
   B) സി. അച്ച്യുതമേനോൻ
   C) പി. കെ. വാസുദേവൻ നായർ
   D) ഇ. കെ. നായനാർ

24. കുടുംബശ്രീ സംവിധാനത്തിലെ മധ്യതലമായ ADS ഭരണസമിതിയിലെ ആകെ അംഗങ്ങൾ
   A) ഒൻപത്
   B) പതിനൊന്ന്
   C) പതിനഞ്ച്
   D) ഇരുപത്തിയൊന്ന്

25. 2024-ഫെബ്രുവരി, രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നിയോജക മണ്ഡലമായി പ്രഖ്യാപിക്കപ്പെട്ടത്
   A) കഴക്കൂട്ടം
   B) തളിപറമ്പ്
   C) ആലുവ
   D) തൃക്കരിപ്പൂർ

26. ഇപ്പോഴത്തെ കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ആര് ?
   A) എം. സ്വരാജ്
   B) എം. എൻ. ഷംസീർ
   C) ചിറ്റയം ഗോപകുമാർ
   D) എം. ബി. രാജേഷ്

27. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഫംഗസ് മൂലമുണ്ടാകുന്ന രോഗം ഏത് ?
   A) മന്ത്
   B) മലേറിയ
   C) വട്ടച്ചൊറി
   D) ന്യുമോണിയ

28. പേശീ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശരീര തുലനനില പാലിക്കാൻ സഹായിക്കുന്ന തലച്ചോറിന്റെ ഭാഗമേത് ?
   A) സെറിബെല്ലം
   B) തലാമസ്
   C) മെഡുല്ല ഒബ്ലോംഗേറ്റ
   D) സെറിബ്രം

29. റെറ്റിനോൾ എന്ന പേരിൽ അറിയപ്പെടുന്ന വിറ്റാമിൻ ഏത് ?
   A) വിറ്റാമിൻ K
   B) വിറ്റാമിൻ A
   C) വിറ്റാമിൻ D
   D) വിറ്റാമിൻ E

30. AI അധിഷ്ഠിത റിയൽ ടൈം ഫോറസ്റ്റ് അലേർട്ട് സിസ്റ്റം ആരംഭിച്ച ആദ്യസംസ്ഥാനം ഏത് ?
   A) ഉത്തർപ്രദേശ്
   B) രാജസ്ഥാൻ
   C) മധ്യപ്രദേശ്
   D) മഹാരാഷ്ട്ര

31. ഒരു ഗ്ലാസ്സ് ദണ്ഡ് സിൽക്ക് കൊണ്ട് ഉരസിയാൽ അത്
   A) സിൽക്കിൽ നിന്നും ഇലക്ട്രോൺ നേടുന്നു
   B) സിൽക്കിന് ഇലക്ട്രോൺ നൽകുന്നു
   C) സിൽക്കിൽ നിന്നും പ്രോട്ടോൺ നേടുന്നു
   D) സിൽക്കിന് പ്രോട്ടോൺ നൽകുന്നു

32. ഭ്രമണ ചലനത്തിൽ ബലത്തിനോട് തുല്യമായത്
   A) ഊർജ്ജം
   B) പ്രവൃത്തി
   C) ജഡത്വം
   D) ടോർക്ക്

33. ഏറ്റവും ഉയർന്ന വിശിഷ്ട താപധാരിത ഉള്ള പദാർത്ഥത്തിന്റെ പേര്
A) ഇരുമ്പ് B) സ്വർണ്ണം C) ജലം D) വെള്ളി

34. ഹൈഡ്രജൻ സ്പെക്ട്രത്തിലെ 'ലൈമൺ' ശ്രേണി കാണപ്പെടുന്ന മേഖല ഏത് ?
A) അൾട്രാ വയലറ്റ് മേഖല
B) ദൃശ്യമേഖല
C) ഇൻഫ്രാറെഡ് മേഖല
D) മൈക്രോവേവ് മേഖല

35. 'അമ്ലമെന്നാൽ ഹൈഡ്രജൻ അയോൺ ദാതാവ് ' ആണ് എന്ന ആശയം മുന്നോട്ടു വച്ച ശാസ്ത്രജ്ഞൻ
A) ലൂയിസ്
B) അരീനിയസ്
C) ബ്രോൺസ്റ്റഡ് -ലോറി
D) ലാവോസിയർ

36. കാർബണിന്റെ രൂപാന്തരത്തിൽ തെർമോഡൈനാമിക്സ് അനുസരിച്ച് ഏറ്റവും സ്ഥിരതയുള്ള രൂപമേത് ?
A) ഫുള്ളറീൻ
B) വജ്രം
C) ഗ്രാഫൈറ്റ്
D) ഇവയൊന്നുമല്ല

37. കേരളത്തിലെ സാമൂഹിക രാഷ്ട്രീയ നാടക രംഗത്തെ പ്രശസ്ത കലാകാരി നിലമ്പൂർ ആയിഷക്ക് ലഭിച്ച അവാർഡുകൾ ഏതെല്ലാം ?
i. എസ്. എൽ. പുരം സദാനന്ദൻ പുരസ്കാരം
ii. തോപ്പിൽഭാസി പുരസ്കാരം
iii. കേരള സംഗീതനാടക അക്കാദമി അവാർഡ്
iv. കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്
A) ii, iii എന്നിവ
B) i, iii, iv എന്നിവ
C) ii, iv എന്നിവ
D) ഇവ നാലും ലഭിച്ചിട്ടുണ്ട്

38. കായികപ്രതിഭകളുടെയും ആത്മകഥകളുടെയും പേര് നൽകിയിരിക്കുന്നതിൽ ശരിയായി യോജിപ്പിച്ച ജോടി കണ്ടെത്തുക.
i. സുനിൽ ഗവാസ്കർ – സണ്ണി ഡെയ്സ്
ii. മേരികോം – പ്ലെയിങ്ങ് ഇറ്റ് മൈ വേ
iii. സച്ചിൻ ടെണ്ടുൽക്കർ – അൺബ്രേക്കബിൾ
iv. സൈന നെഹ്‌വാൾ – പ്ലെയിങ്ങ് ടു വിൻ
A) i and iv
B) i and ii
C) ii and iii
D) എല്ലാം ശരിയാണ്

39. നോവലിന്റെയും നോവലിസ്റ്റിന്റെയും പേരുകൾ ചേർത്തു നൽകിയതിൽ ശരിയായി യോജിപ്പിച്ച ജോടി കണ്ടെത്തുക.
i. ബുധിനി – സാറാ ജോസഫ്
ii. മീശ – സുഭാഷ് ചന്ദ്രൻ
iii. റാം C/o ആനന്ദി – അഖിൽ പി. ധർമ്മജൻ
iv. സമുദ്രശില – എസ്. ഹരീഷ്
A) ii and iv
B) i and ii
C) i and iii
D) എല്ലാം ശരിയാണ്

40. പ്രമുഖ സാമ്പത്തികശാസ്ത്ര പണ്ഡിതനായിരുന്ന ഡോ. എം. കുഞ്ഞാമനെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

i. കോട്ടയം ജില്ലയിലെ പാലായിൽ ജനിച്ചു.

ii. 'എതിര് ' എന്ന ആത്മകഥക്ക് ലഭിച്ച കേരള സാഹിത്യ അക്കാദമി അവാർഡ് നിരസിച്ചു.

iii. ദീർഘകാലം കേരള സർവകലാശാലയിൽ അധ്യാപകനായിരുന്നു.

iv. 'ഒറ്റയാൾ' എന്ന ഡോക്യുമെന്ററി അദ്ദേഹത്തിന്റെ ജീവിതത്തെ ആസ്പദമാക്കി യുള്ളതാണ്.

A) i, iv എന്നിവ
B) iii, iv എന്നിവ
C) ii, iii എന്നിവ
D) എല്ലാം ശരിയാണ്

41. 0, 7, 26, 63, ______ എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

A) 121
B) 124
C) 130
D) 125

42. സമയം 4.20 ആണെങ്കിൽ ക്ലോക്കിന്റെ മിനിട്ട് സൂചിക്കും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോണളവ് എത്ര ?

A) 20°
B) 0°
C) 5°
D) 10°

43. 2001 ജനുവരി 5 വെള്ളിയാഴ്ചയാണെങ്കിൽ 2010 ജനുവരി 5 ഏത് ദിവസമായിരിക്കും ?

A) ചൊവ്വ
B) ഞായർ
C) വെള്ളി
D) തിങ്കൾ

44. ക്ലോക്കിലെ സമയം 5.10 ആണെങ്കിൽ കണ്ണാടിയിലെ പ്രതിബിംബത്തിൽ സമയം എത്രയായിരിക്കും ?

A) 7.50
B) 6.50
C) 6.10
D) 7.10

45. ഒരാൾ ഒരു സ്ഥലത്തു നിന്ന് കിഴക്കോട്ട് 60 മീറ്റർ സഞ്ചരിച്ചു. അവിടെ നിന്ന് വലത്തോട്ട് തിരിഞ്ഞ് 80 മീറ്ററും തുടർന്ന് ഇടത്തോട്ട് തിരിഞ്ഞ് 20 മീറ്ററും വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 20 മീറ്ററും സഞ്ചരിച്ചു. ഇപ്പോൾ അയാൾ യാത്രയാരംഭിച്ച സ്ഥലത്തു നിന്ന് എത്ര ദൂരത്തായിരിക്കും ?

A) 100 മീറ്റർ
B) 180 മീറ്റർ
C) 120 മീറ്റർ
D) 140 മീറ്റർ

46. ഒരു ചതുരത്തിന്റെ നീളം 30% വർദ്ധിപ്പിക്കുകയും വീതി 30% കുറയ്ക്കുകയും ചെയ്താൽ പരപ്പളവിൽ (area) എന്ത് മാറ്റമുണ്ടാകും ?

A) 9% കൂടും
B) 9% കുറയും
C) മാറ്റമുണ്ടാകില്ല
D) 10% കൂടും

47. A ഒരു ജോലി 20 ദിവസം കൊണ്ടും B അതേ ജോലി 12 ദിവസം കൊണ്ടും ചെയ്തു തീർക്കും. A, 5 ദിവസം ജോലി ചെയ്തതിന് ശേഷം നിർത്തിപോയി. ബാക്കി ജോലി ചെയ്തു തീർക്കാൻ B ക്ക് എത്ര ദിവസം വേണം ?

A) 10 ദിവസം  B) 7 ദിവസം  C) 8 ദിവസം  D) 9 ദിവസം

48. 15 പേരുടെ ശരാശരി ഭാരം 50 Kg എന്ന് കിട്ടി. പിന്നീട് രണ്ട് പേരുടെ ഭാരങ്ങൾ 48 Kg, 57 Kg എന്ന് രേഖപ്പെടുത്തിയത് തെറ്റാണെന്നും ശരിയായ ഭാരങ്ങൾ 56 Kg, 64 Kg ആണെന്നും മനസ്സിലായി. എങ്കിൽ ശരിയായ ശരാശരി ഭാരം എത്ര ?

A) 50 Kg  B) 66 Kg  C) 51 Kg  D) 58 Kg

49. 12 cm നീളവും 10 cm വീതിയുമുള്ള ഒരു ചതുരത്തിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഏറ്റവും വലിയ വൃത്തത്തിന്റെ പരപ്പളവ് (area) എത്ര ?

A) $100\pi$ $cm^2$  B) $25\pi$ $cm^2$  C) $144\pi$ $cm^2$  D) $36\pi$ $cm^2$

50. ഒരാൾ ഒരു സാധനം 20% നഷ്ടത്തിൽ വിറ്റു. 180 രൂപ വില കൂട്ടി വിറ്റിരുന്നെങ്കിൽ 10% ലാഭം കിട്ടുമായിരുന്നു. അതിന്റെ വാങ്ങിയ വിലയെത്ര ?

A) 1,800 രൂപ  B) 1,200 രൂപ  C) 1,000 രൂപ  D) 600 രൂപ

51. വിവരാവകാശ നിയമപ്രകാരം അപേക്ഷകന് താഴെ പറയുന്നവയിൽ ഏതാണ് പൊതുരേഖയായി നൽകാൻ സാധിക്കുന്നത് ?

A) മറ്റൊരാളുടെ ചികിത്സാരേഖ

B) മറ്റൊരാളുടെ ജാതി സർട്ടിഫിക്കറ്റ്

C) വിദേശരാജ്യങ്ങളുടെ സർക്കാരിൽ നിന്നുള്ള രഹസ്യാത്മക രേഖ

D) പാർലമെന്റ്-നിയമസഭാ-സാമാജികരുടെ അവകാശ ലംഘനമായേക്കാവുന്ന രേഖകൾ

52. ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം ഒടുക്കേണ്ട ഫീസ്

A) രണ്ട് രൂപ  B) അഞ്ച് രൂപ

C) ഫീസ് ഒടുക്കേണ്ടതില്ല  D) പത്ത് രൂപ

53. വിവരാവകാശ നിയമപ്രകാരം അധികഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടാൽ അപേക്ഷകൻ എത്ര ദിവസങ്ങൾക്കുള്ളിൽ ഫീസ് ഒടുക്കണം ?

A) 30 ദിവസം  B) 5 ദിവസം

C) 45 ദിവസം  D) കാലയളവ് നിഷ്കർഷിച്ചിട്ടില്ല

54. സംസ്ഥാന ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ ഔദ്യോഗിക കാലാവധി

A) 3 വർഷം  B) 2 വർഷം  C) 5 വർഷം  D) 4 വർഷം

55. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സ്വീകരിക്കുന്നതിന് വിസമ്മതിക്കുകയോ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിയിൽ വിവരം നൽകാതിരിക്കുകയോ അഥവാ അപേക്ഷ ഉത്തമവിശ്വാസമില്ലാതെ നിഷേധിക്കുകയോ അഥവാ അറിഞ്ഞ് കൊണ്ട് തെറ്റായതും അപൂർണ്ണമായതും തെറ്റിദ്ധരിപ്പിക്കുന്ന വിവരം നൽകുകയോ ഏതെങ്കിലും തരത്തിൽ വിവരം നൽകുന്നതിനെ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് നിയമപ്രകാരം പരമാവധി ചുമത്തപ്പെടുന്ന പിഴസംഖ്യ എത്രയാണ് ?

A) 10,000 രൂപ
B) 20,000 രൂപ
C) 25,000 രൂപ
D) ഒരു ലക്ഷം രൂപ

56. സാർവ്വദേശീയ മനുഷ്യാവകാശ ദിനം

A) ജൂൺ 21
B) ഡിസംബർ 10
C) നവംബർ 26
D) ഡിസംബർ 1

57. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കപ്പെടുന്ന വ്യക്തിയുടെ ഔദ്യോഗിക കാലാവധി

A) 3 വർഷം
B) 2 വർഷം
C) 5 വർഷം
D) 4 വർഷം

58. കസ്റ്റഡി മരണങ്ങൾ __________ മണിക്കൂറിനുള്ളിൽ മനുഷ്യാവകാശ കമ്മീഷന്റെ മുമ്പാകെ ബന്ധപ്പെട്ട ഏജൻസികൾ റിപ്പോർട്ട് ചെയ്യണം.

A) 48 മണിക്കൂർ
B) 24 മണിക്കൂർ
C) 12 മണിക്കൂർ
D) 72 മണിക്കൂർ

59. ''നെൽസൺ മണ്ഡേല റൂൾ'' എന്ന് ഇപ്പോൾ അറിയപ്പെടുന്ന പ്രമാണം

A) 1955-ലെ സ്റ്റാൻഡേർഡ് മിനിമം റൂൾസ് ഫോർ ട്രീറ്റ്മെന്റ് ഓഫ് പ്രിസണേഴ്സ്
B) ICCPR
C) ICESCR
D) UDHR

60. മനുഷ്യാവകാശ ലംഘനമാകുന്നതായി ആരോപിക്കപ്പെടുന്ന പ്രവൃത്തി ചെയ്ത തീയ്യതി മുതൽ __________ വർഷം കഴിഞ്ഞ ശേഷം ഒരു സംഗതിയിലും കമ്മീഷനോ സംസ്ഥാന കമ്മീഷനോ അന്വേഷണ വിചാരണ നടത്തുവാൻ പാടുള്ളതല്ല.

A) ഒരു വർഷം
B) 3 വർഷം
C) രണ്ട് വർഷം
D) 4 വർഷം

61. കേരള സംസ്ഥാനം രൂപംകൊണ്ട ശേഷം ആരംഭിച്ച സെൻട്രൽ ജയിൽ എവിടെയാണ് ?

A) കണ്ണൂർ
B) തിരുവനന്തപുരം
C) തവനൂർ
D) തൃശ്ശൂർ

62. കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് (കാപ്പാ നിയമം) പ്രകാരം കരുതൽ തടങ്കലിൽപ്പെടുന്ന ആൾക്കാരെ പാർപ്പിക്കുന്ന ജയിൽ

A) ജില്ലാ ജയിൽ
B) സ്പെഷ്യൽ സബ് ജയിൽ
C) തുറന്ന ജയിൽ
D) സെൻട്രൽ ജയിൽ

63. ജയിൽ ഉദ്യോഗസ്ഥർക്ക് അടിസ്ഥാന പരിശീലനം നൽകുന്നതിന് കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള സ്ഥാപനം
A) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ
B) അക്കാദമി ഓഫ് പ്രിസൺസ് & കറക്ഷണൽ അഡ്മിനിസ്ട്രേഷൻ
C) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ
D) ജയിൽ ട്രെയിനിംഗ് സ്കൂൾ

64. കേരള സംസ്ഥാനത്തിലെ ജയിൽ വകുപ്പ് മേധാവിയുടെ തസ്തികയുടെ പേര്
A) അസി. ഡി. ജി. പി. & സി. എസ്.
B) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്
C) ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്
D) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

65. തടവിൽ കഴിയുന്ന അമ്മമാരോടൊപ്പം പാർപ്പിക്കുവാൻ സാധിക്കുന്ന കുട്ടികളുടെ പ്രായപരിധി എത്ര ?
A) 5 വയസ്സ് B) 6 വയസ്സ് C) 4 വയസ്സ് D) 7 വയസ്സ്

66. മനോവിശ്ലേഷണം (psychoanalysis) എന്ന മന:ശ്ശാസ്ത്ര സിദ്ധാന്തം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) പാവ്ലോവ് B) സ്കിന്നർ C) ടോൾമാൻ D) ഫ്രോയിഡ്

67. ദൈനംദിന സാഹചര്യങ്ങളെക്കുറിച്ചുള്ള തീവ്രവും അമിതവുമായ ആശങ്കയും ഭയവും താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു അവസ്ഥയുടെ ലക്ഷണമാണ് ?
A) ആസക്തി (addition)
B) ഉത്കണ്ഠ (anxiety)
C) വ്യക്തിത്വ രോഗം (personality disorder)
D) വിഷാദം

68. ബുദ്ധി – ബഹുമുഖ സിദ്ധാന്തം (multiple intelligence theory) ആരാണ് അവതരിപ്പിച്ചത് ?
A) ഗാർഡനർ B) സ്പിയർമാൻ C) പിയാഷെ D) ചോംസ്കി

69. ആക്രമണോത്സുകത നിരീക്ഷണം വഴി പഠിക്കുന്നു എന്നു പരീക്ഷണത്തിലൂടെ സ്ഥാപിച്ച മന:ശ്ശാസ്ത്രസൈദ്ധാന്തികൻ ആര് ?
A) ബന്ദുര (Bandura) B) യുങ് (Jung)
C) കറ്റെൽ (Cattell) D) എറിക്സൺ (Erikson)

70. താഴെക്കൊടുത്തിരിക്കുന്നവയിൽ ആന്തരിക അഭിപ്രേരണ (Intrinsic motivation) യിൽപ്പെട്ടത് ഏത് ?
A) സ്ഥാനക്കയറ്റം ലഭിക്കുന്നത് B) സമ്മാനം കിട്ടുന്നത്
C) പ്രശംസ D) ആത്മ സംതൃപ്തി

71. ഗുരുതരമായ പരിക്കിനെ തുടർന്നുള്ള മരണസാധ്യത തടയുന്നതിനായി ചികിത്സ സമയബന്ധിതമായി ലഭ്യമാക്കുന്നതിന്, അപകടം നടന്ന് കഴിഞ്ഞ ഉടനെയുള്ള ഒരു മണിക്കൂർ സമയം വളരെ പ്രധാനമാണ്. ഈ മണിക്കൂർ അറിയപ്പെടുന്നത്

A) പ്ലാറ്റിനം മണിക്കൂർ
B) സുവർണ്ണ മണിക്കൂർ
C) വജ്ര മണിക്കൂർ
D) വെള്ളി മണിക്കൂർ

72. ആൾക്കാരെയോ ചരക്കോ കൊണ്ടുപോകുന്നതിനായി, ഒരു മോട്ടോർ വാഹനത്തിൽ ഘടിപ്പിച്ചു വലിച്ചുകൊണ്ടുപോകുന്ന, കുറഞ്ഞത് രണ്ടു ചക്രങ്ങളെങ്കിലുമുള്ള, സ്വയം പ്രൊപൽഷൻ ഇല്ലാത്ത ഒരു റോഡ് വാഹനം ഏതു കാറ്റഗറിയിൽ പെടുന്നു ?

A) കാറ്റഗറി T
B) കാറ്റഗറി N
C) കാറ്റഗറി M
D) കാറ്റഗറി L5N

73. ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി

A) 16
B) 25
C) 20
D) 18

74. ഡ്രൈവിംഗ് ലൈസൻസ് പുതുക്കുന്നതിന് ഫോം 1A നൽകേണ്ടി വരുന്നത്

i. ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് പുതുക്കുമ്പോൾ.
ii. നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന് വേണ്ടി ആദ്യമായി അപേക്ഷിക്കുമ്പോൾ.
iii. അപേക്ഷകന് 40 വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ.
iv. അപേക്ഷകന് 50 വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ.

A) i and iv
B) ii and iv
C) ii and iii
D) i and iii

75. കേരള മോട്ടോർ വാഹന റൂൾസ് 1989-ൽ ലൈസൻസിങ് അതോറിറ്റി ഒരു ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് അയോഗ്യത കല്പിക്കുന്നതുമായി ബന്ധപ്പെട്ട റൂൾ

A) റൂൾ 21
B) റൂൾ 19
C) റൂൾ 42
D) റൂൾ 31

76. ഒരു കോൺട്രാക്റ്റ് കാരിയേജ് വാഹനത്തിന്റെ പെർമിറ്റ് കാലാവധി എത്രയാണ് ?

A) 2 വർഷം
B) 4 വർഷം
C) 5 വർഷം
D) 10 വർഷം

77. 6 വർഷം പഴക്കമുള്ള ഒരു ട്രാൻസ്പോർട്ട് വാഹനത്തിനു ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി

A) 2 വർഷം
B) 4 വർഷം
C) 1 വർഷം
D) 6 മാസം

78. മോട്ടോർ വാഹന ഡ്രൈവിംഗ് റെഗുലേഷൻ 2017-ലെ റൂൾ 3 എന്തുമായി ബന്ധപ്പെട്ടതാണ് ?

A) മറ്റു റോഡ് ഉപയോക്താക്കളോടും പൊതു ജനങ്ങളോടും ഉള്ള ഒരു ഡ്രൈവറുടെ കടമ
B) റൗണ്ട് എബൗട്ട്-ൽ എടുക്കേണ്ട മുൻകരുതൽ
C) റൈറ്റ് ഓഫ് വേ
D) വാഹന ബ്രേക്ക് ഡൗൺ

79. പരസ്പരം കടന്നു പോകാൻ അസൗകര്യമുള്ള മൗണ്ടൻ റോഡുകളിലും, കുത്തനെയുള്ള റോഡുകളിലും ഒരു വാഹനം കയറി വരുമ്പോൾ ഇറക്കം ഇറങ്ങുന്ന വാഹനത്തിന്റെ ഡ്രൈവർ തന്റെ വാഹനം
   i. ഇടതുവശം ചേർത്ത് ഒതുക്കി നിർത്തേണ്ടതാണ്.
   ii. ഇടതുവശം ചേർത്ത് ഓടിച്ചു പോകേണ്ടതാണ്.
   iii. കയറ്റം കയറി വരുന്ന വാഹനത്തെ ആദ്യം കയറ്റി വിടേണ്ടതാണ്.
   iv. കയറ്റം കയറി വരുന്ന വാഹനത്തെ നിർത്താൻ ആവശ്യപ്പെട്ട് മുന്നോട്ട് പോകാവുന്നതാണ്.

   A) ii and iii B) i and iii
   C) ii and iv D) ഇതൊന്നുമല്ല

80. രണ്ടു ചക്രത്തിൽ കൂടുതലുള്ള ഒരു വാഹനം റോഡിൽ തടസ്സമാകുന്ന രീതിയിൽ ബ്രേക്ക് ഡൗൺ ആയാൽ ചെയ്യേണ്ട മുൻകരുതൽ
   A) ഹസാർഡ് വാണിംഗ് ലൈറ്റുകൾ ഉടൻ തന്നെ പ്രവർത്തിപ്പിക്കണം
   B) ഹൈവേയിലോ, മേജർ റോഡുകളിലോ ആണെങ്കിൽ വാഹനത്തിന്റെ 50 മീറ്റർ പിന്നിലായി റിഫ്ലക്റ്റീവ് ട്രാഫിക് വാണിംഗ് ട്രയാങ്കിൾ വച്ചിരിക്കണം
   C) വാഹനം കിടക്കുന്നതു വളവിലാണെങ്കിൽ വളവിനു മുന്നിലായി റിഫ്ലക്റ്റീവ് ട്രാഫിക് വാണിംഗ് ട്രയാങ്കിൾ വച്ചിരിക്കണം
   D) മുകളിൽ പറഞ്ഞവയെല്ലാം

81. താഴെ പറയുന്നവയിൽ ഹാൻഡ് കൺട്രോളുകൾ ഏതെല്ലാം ?
   i. വൈപ്പർ ii. ആക്സിലറേറ്റർ
   iii. ഫുട്ബ്രേക്ക് iv. ഇഗ്നിഷൻ

   A) i and ii B) ii and iii C) i and iv D) iii and iv

82. ഒരു ഡ്രൈവർക്ക് ഉണ്ടാകേണ്ട ഉത്തരവാദിത്വങ്ങൾ ഏതെല്ലാം ?
   i. മറ്റു റോഡ് ഉപയോക്താക്കളുടെ സുരക്ഷയെ കുറിച്ചുള്ള കരുതൽ.
   ii. തന്റെ ഡ്രൈവിങ്ങിലുള്ള അമിത വിശ്വാസം.
   iii. അക്ഷമ.
   iv. ഡിഫെൻസിവ് ഡ്രൈവിംഗ്.

   A) i and ii B) iii and iv C) i and iii D) i and iv

83. താഴെപ്പറയുന്നവയിൽ ഏതു വാഹനത്തിനാണ് റോഡിൽ മുൻഗണന നൽകേണ്ടത് ?
   A) സ്റ്റേജ് കാരിയേജ് B) സ്കൂൾ ബസ്
   C) ആംബുലൻസ് D) ചരക്ക് വാഹനം

84. താഴെ പറയുന്നവയിൽ ഏതെല്ലാമാണ് ഡിഫെൻസിവ് ഡ്രൈവിംഗ് ടെക്നിക്കുകൾ ?
   A) ജഡ്ജ്മെന്റ് B) ആന്റിസിപേഷൻ
   C) എസ്കേപ്പ് റൂട്ട് D) ഇവയെല്ലാം

85. MSM എന്നാൽ
   A) മൈൻഡ്, സിഗ്നൽ, മിറർ B) മിറർ, സ്പീഡ്, മെയിൻറ്റെനൻസ്
   C) മിറർ, സിഗ്നൽ, മാനൈവെർ D) ഇതൊന്നുമല്ല

86. കേരളത്തിലെ നാലുവരി ഇല്ലാത്ത സ്റ്റേറ്റ് ഹൈവേ റോഡുകളിൽ ഒരു ചരക്ക് വാഹന ത്തിന് നിയമപരമായി സഞ്ചരിക്കാൻ കഴിയുന്ന പരമാവധി വേഗത എത്രയാണ് ?
   A) മണിക്കൂറിൽ 50 കിലോമീറ്റർ
   B) മണിക്കൂറിൽ 60 കിലോമീറ്റർ
   C) മണിക്കൂറിൽ 65 കിലോമീറ്റർ
   D) മണിക്കൂറിൽ 70 കിലോമീറ്റർ

87. ലോഡ് ഉൾപ്പെടെ ഒരു വാഹനത്തിന് അനുവദനീയമായ ഭാരം
   A) ലാഡൻ ഭാരം
   B) അൺ ലാഡൻ ഭാരം
   C) തൂക്ക ഭാരം
   D) ഗ്രോസ് വെഹിക്കിൾ ഭാരം

88. റോഡ് അപകടം സംഭവിച്ചാൽ എത്ര സമയത്തിനകം ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കണം ?
   A) 24 മണിക്കൂർ
   B) 12 മണിക്കൂർ
   C) 10 മണിക്കൂർ
   D) 5 മണിക്കൂർ

89. ജംഗ്ഷനുകളിൽ ചുവപ്പ് ട്രാഫിക് ലൈറ്റ് തെളിഞ്ഞാൽ വാഹനം എവിടെ നിർത്തണം ?
   A) സീബ്രാ ലൈനിന് മുമ്പ്
   B) സ്റ്റോപ്പ് ലൈനിന് മുമ്പ്
   C) ഷോൾഡറിൽ
   D) സീബ്രാ ലൈനിന് ശേഷം

90. പ്രായപൂർത്തിയാകാത്ത ഒരു വ്യക്തി ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കാതെ പൊതു സ്ഥലത്ത് മോട്ടോർ വാഹനം ഡ്രൈവ് ചെയ്താൽ, വാഹന ഉടമ/രക്ഷ കർത്താവ് നൽകേണ്ട പിഴ തുക എത്ര രൂപയാണ് ?
   A) 5,000
   B) 10,000
   C) 12,000
   D) 25,000

91. ചുവടെയുള്ള വാക്യങ്ങളിൽ തെറ്റായത് ഏത് ?
   കേന്ദ്രം മോട്ടോർ വാഹന ചട്ട 168 പ്രകാരം അപകടത്തിൽ പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുമ്പോൾ
   A) ആ ദൗത്യം ചെയ്ത വ്യക്തി ആശുപത്രി ചെലവുകൾ വഹിക്കേണ്ടത് ഇല്ല.
   B) ആശുപത്രി നടപടി ക്രമങ്ങൾക്കൊപ്പം നിൽക്കേണ്ടത് ഇല്ല.
   C) പേരും മേൽവിലാസവും ആശുപത്രി അധികൃതർക്ക് നൽകിയിരിക്കണം.
   D) A യും, B യും, C യും

92. 3 വയസ്സ് പ്രായമുള്ള കുട്ടിയുമായി മോട്ടോർ സൈക്കിളിൽ ഉള്ള യാത്ര
   A) അനുവദനീയമല്ല
   B) സേഫ്റ്റി ഹാർനസ്സ് ഉപയോഗിക്കണം
   C) പരമാവധി 30 കിലോമീറ്റർ വേഗത്തിൽ മാത്രമേ സഞ്ചരിക്കാൻ പാടുള്ളൂ
   D) B യും C യും

93. താഴെപ്പറയുന്ന വാക്യങ്ങളിൽ ശരിയായത് ഏത് ?
   റോഡ് അപകടത്തിൽ രക്ഷാപ്രവർത്തനം നടത്തിയ വ്യക്തി
   A) കേസിൽ വിറ്റ്നസ് ആകണം
   B) കേസിൽ വിറ്റ്നസ് ആകാൻ സാധ്യമല്ല
   C) സ്വയം വിറ്റ്നസ് ആകാനും ആകാതിരിക്കാനും സാധിക്കും
   D) പോലീസ് ആവശ്യപ്പെട്ടാൽ വിറ്റ്നസ് ആകണം

94. മോട്ടോർ വാഹന നിയമപ്രകാരമുള്ള കുറ്റത്തിന് പിഴയിടുന്നത്

A) സാരഥി മുഖേന
B) വാഹൻ മുഖേന
C) സുരക്ഷാ മിത്ര മുഖേന
D) ഇ-ചെല്ലാൻ മുഖേന

95. വാഹനത്തിന്റെ രേഖകൾ പിടിച്ചെടുക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ് ?

A) പോലീസ് ഓഫീസർ
B) എ എം വി ഐ
C) സംസ്ഥാന സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥൻ
D) A യും, B യും, C യും

96. വാഹനത്തിൽ ഫാസ്റ്റാഗ് പതിക്കേണ്ടത് എവിടെയാണ് ?

A) വിൻഡ് സ്ക്രീനിൽ
B) വിൻഡോ സ്ക്രീനിൽ
C) റിയർ സ്ക്രീനിൽ
D) ഡാഷ് ബോർഡിൽ

97. സ്പീഡ് ഗവർണർ ആവശ്യമില്ലാത്ത വാഹനങ്ങൾ ഏത് ?

A) ഫയർ ടെൻഡർ, ആംബുലൻസ്, ഇ ഐ ബി
B) ഫയർ ടെൻഡർ, ട്രാക്ടർ ട്രെയിലർ, ആംബുലൻസ്
C) ഫയർ ടെൻഡർ, ഹെർസസ്, ഡമ്പർ
D) ഫയർ ടെൻഡർ, ക്വാട്രി സൈക്കിൾ, ആംബുലൻസ്

98. ഒരു മോട്ടോർ വാഹനത്തിൽ നിന്ന് പുറപ്പെടുവിപ്പിക്കാവുന്ന പരമാവധി ശബ്ദത്തിന് നിയന്ത്രണം

A) അഗ്രികൾച്ചറൽ ട്രാക്ടറിന് ബാധകമല്ല
B) ട്രാക്ടറിനും, ഹാർവെസ്റ്റർ വാഹനത്തിനും ബാധകമല്ല
C) കൺസ്ട്രക്ഷൻ ഇക്യൂപ്മെന്റ് വാഹനങ്ങൾക്ക് ബാധകമല്ല
D) എല്ലാ മോട്ടോർ വാഹനത്തിനും ബാധകമാണ്

99. ഹസാഡസ് ഗുഡ്സ് വാഹനത്തിൽ ഉണ്ടായിരിക്കേണ്ടത് എന്തെല്ലാം ?

A) ഫയർ എസ്റ്റിംഗ്വിഷർ, ബീക്കൺ ലൈറ്റ്, ടെക്കോ ഗ്രാഫ്
B) ഫയർ എസ്റ്റിംഗ്വിഷർ, എമർജൻസി ഇൻഫോർമേഷൻ പാനൽ, വി എൽ ടി ഡി
C) ഫയർ എസ്റ്റിംഗ്വിഷർ, സ്പാർക്ക് അറസ്റ്റർ, മാനോ മീറ്റർ
D) ഫയർ എസ്റ്റിംഗ്വിഷർ, ജിപിഎസ്, ബാറ്റൺ

100. ഹസാഡസ് ഗുഡ്സ് വാഹനങ്ങളിൽ ക്ലാസ് ലേബലിന്റെ വലിപ്പം

A) 200 $MM^2$
B) 250 $MM^2$
C) 300 $MM^2$
D) 350 $MM^2$

## Space for Rough Work

## FINAL ANSWER KEY

**Question Paper Code:89/2025/M**
**Question Paper Medium:Malayalam**
**Category Code:732/2024**
**Name Of Post & Department:ASSISTANT PRISON OFFICER CUM DRIVER (WARDER DRIVER) (PRISONS**
**Date Of Test:16-Aug-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | A | C | B |
| 2 | D | C | D | A |
| 3 | B | C | B | C |
| 4 | B | A | D | C |
| 5 | C | D | B | B |
| 6 | C | X | B | C |
| 7 | D | C | D | D |
| 8 | B | B | C | B |
| 9 | D | B | A | B |
| 10 | B | B | B | C |
| 11 | A | C | X | C |
| 12 | C | B | C | C |
| 13 | C | A | B | A |
| 14 | A | C | B | B |
| 15 | D | C | B | C |
| 16 | B | C | C | A |
| 17 | A | C | D | C |
| 18 | C | A | B | C |
| 19 | C | B | B | A |
| 20 | B | C | C | D |
| 21 | X | C | B | C |
| 22 | C | D | A | B |
| 23 | B | B | C | A |
| 24 | B | D | C | C |
| 25 | B | B | B | C |
| 26 | C | B | C | X |
| 27 | C | D | B | C |
| 28 | A | C | A | B |
| 29 | B | A | C | B |
| 30 | C | B | C | B |
| 31 | B | B | A | C |
| 32 | D | A | C | D |
| 33 | C | C | C | B |
| 34 | A | C | A | D |
| 35 | B | B | D | B |
| 36 | C | C | C | B |
| 37 | B | D | C | D |
| 38 | A | B | A | C |
| 39 | C | B | B | A |
| 40 | C | C | C | B |
| 41 | B | D | A | B |
| 42 | D | C | B | D |
| 43 | A | A | B | D |
| 44 | B | B | D | C |
| 45 | A | A | D | B |
| 46 | B | B | C | D |
| 47 | D | B | B | A |
| 48 | C | D | D | B |
| 49 | B | B | A | A |
| 50 | D | D | B | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | X | D | B | C |
| 52 | C | B | A | X |
| 53 | D | A | B | A |
| 54 | A | A | A | B |
| 55 | C | D | A | B |
| 56 | B | C | D | X |
| 57 | A | X | B | C |
| 58 | B | A | A | D |
| 59 | A | B | A | A |
| 60 | A | B | D | C |
| 61 | C | B | X | D |
| 62 | X | A | C | B |
| 63 | A | B | D | A |
| 64 | B | A | A | A |
| 65 | B | A | C | D |
| 66 | D | X | C | B |
| 67 | B | C | X | A |
| 68 | A | D | A | B |
| 69 | A | A | B | A |
| 70 | D | C | B | A |
| 71 | B | C | C | C |
| 72 | A | D | B | A |
| 73 | C | A | C | A |
| 74 | D | B | D | B |
| 75 | B | D | D | D |
| 76 | C | A | C | C |
| 77 | A | D | D | D |
| 78 | A | D | C | A |
| 79 | B | B | D | B |
| 80 | D | B | C | D |
| 81 | C | C | B | A |
| 82 | D | A | A | D |
| 83 | C | A | C | D |
| 84 | D | B | D | B |
| 85 | C | D | B | B |
| 86 | C | C | A | B |
| 87 | D | B | D | A |
| 88 | A | C | D | C |
| 89 | B | D | B | D |
| 90 | D | D | B | B |
| 91 | C | B | C | C |
| 92 | B | A | D | D |
| 93 | C | C | A | C |
| 94 | D | D | B | D |
| 95 | D | B | D | C |
| 96 | A | C | C | C |
| 97 | D | D | A | B |
| 98 | D | C | A | C |
| 99 | B | D | B | D |
| 100 | B | C | D | D |

'X' denotes deletion

Approved For Publication
Sd/-
Section officer